സ്റ്റേറ്റുമെൻറിന്റെ ഒരു കാപ്പി കിട്ടുകയാണു് പതിവു്. ഇതുവരെ സ്വീകരിച്ചു പന്നിട്ടുള്ള സമ്പ്രദായം അതാണു്. അതു മെമ്പർക്കു് ഇതുവരെ കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. ഈ. പി. പൗലോസു് : ഇതു ആദ്യദിവസം വന്നപ്പോഴത്തന്നെ ഈ സ്റ്റേറ്റുമെൻറുകളെല്ലാം മെമ്പറന്മാർക്കു് തന്നിട്ടുള്ളതാണു്. ഇനിയും രണ്ടോ മൂന്നോ അതു വയ്ക്കേണ്ടതാണെങ്കിൽ അതു വരുത്തിവച്ചുകൊള്ളാം.

ശ്രീ. കെ. എം. ജാജ്ജു് : അരിവിലയുടെ വർദ്ധനവുകൊണ്ടും അരി കിട്ടാനുള്ള വിഷമം പരിഗണിച്ചും അദ്ധ്യാപകന്മാരും, എൻ. ജി. ഓ. മാരും മാത്രം അംഗങ്ങളായിട്ടുള്ള സഹകരണസംഘങ്ങളെ രൂപീകരിച്ചുകഴിഞ്ഞാൽ അവർക്കു മിതമായ വിലയ്ക്കു് ആവശ്യമായ അരി വാങ്ങിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറു് വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : അരി ഗവണ്മെൻറിൽനിന്നും കൊടുക്കാൻ നിവൃത്തിയില്ല. അതു ഫെയർ പ്രൈസു് ഷാപ്പുകളെവഴി വിതരണം ചെയ്യുന്നതിനുമാത്രമേ സാദ്ധ്യമാകയുള്ളൂ. ഗവണ്മെൻറു് അരി ഓപ്പൺമാർക്കറ്റിൽനിന്നും വാങ്ങിച്ചു വിതരണം ചെയ്യുകയേ ഉള്ളൂ.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : സർ, മൂന്നാമത്തെ ചോദ്യത്തിൽ വിലവർദ്ധനവു് തടയാനുള്ള നടപടികളെടുക്കാൻ ഒരു സർവ്വകക്ഷി സമ്മേളനം വിളിച്ചു കൂട്ടി അതിലേക്കു കൂടുതൽ ഫലപ്രദമായ പരിഹാരം കാണാൻ കഴിയുമെന്ന കമ്മ്യൂണിസ്റ്റുപാർട്ടിയുടെ അഭ്യർത്ഥന അങ്ങു കണ്ടില്ലാ എന്നു പറഞ്ഞു. ഈ മാതിരിയുള്ള പ്രധാനപ്പെട്ട കാര്യങ്ങളും ശ്രദ്ധയിൽപെട്ടിട്ടില്ല എന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. ഈ. പി. പൗലോസു് : അങ്ങനെ ഒരു തീരുമാനം എടുത്തതായി ഒന്നും എനിക്കു അറിവില്ല. സെക്ഷനിൽ വിവരംകിട്ടിയതായിട്ടും അറിവില്ല. പ്രതിപക്ഷകക്ഷികളും എടുക്കുന്ന തീരുമാനങ്ങളെല്ലാം മിക്കവാറും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടാറുണ്ടു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ഫലപ്രദമായി വിലക്കയറ്റം തടയുന്നതിനുവേണ്ടി ആഴ്ചയിൽ രണ്ടിടങ്ങഴി അരി വീതം വിതരണം ചെയ്യുന്ന നടപടി ഇനിയും സ്വീകരിക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : അരിക്കു വിലക്കയറ്റമുണ്ടായി ബുദ്ധിമുട്ടു വന്നപ്പോഴും അന്നത്തെ സ്റ്റാക്കു പൊസിഷൻ അനുസരിച്ചു് രണ്ടിടങ്ങഴി അരി വീതം വിതരണം ചെയ്തു. അതിനു് കുറെ കേന്ദ്രത്തിൽനിന്നും കിട്ടി. പക്ഷെ, ഇപ്പോഴുള്ളതും ഇനിയും അതു വർദ്ധിപ്പിക്കുന്നതിനു ബുദ്ധിമുട്ടുണ്ടു്. കേന്ദ്രത്തിൽനിന്നും അവർ കേരളത്തിലേക്കു അലോട്ടു ചെയ്തിരുന്ന അരി ബംഗാളിലേക്കു അയയ്ക്കേണ്ടിവന്നു. അപ്പോഴും ഇനിയും രണ്ടിടങ്ങഴി അരിവീതം കൊടുക്കണമെന്നുണ്ടെങ്കിൽ അരിയുടെ സ്റ്റാക്കു വർദ്ധിപ്പിക്കണം. ഇനിയും ഒരു പ്രതിസന്ധിഘട്ടം വന്നാൽ അതു അവർ പരിഗണിച്ചു നടപടി നടത്തുന്നതാണു്. അതിനുവേണ്ടിയുള്ള നടപടിയെടുത്തുവരുന്നുണ്ടു്.

ശ്രീ. എൻ. ഈ. ബലറാം : അരിയുടെവില നവംബർ, ഡിസംബർ മാസങ്ങളിൽ വർദ്ധിച്ചു എന്നു പറഞ്ഞു. ഇപ്പോഴും അതു താണുവന്നിട്ടില്ല. അതുകൊണ്ടു് അരിയുടെ മേലുള്ള നികുതി നീക്കം ചെയ്യാൻ ആലോചിക്കുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : നികുതി നീക്കുന്ന കാര്യം ഇതുവരെ ആലോചിച്ചിട്ടില്ല. അതു് ഒരു നയപരമായ കാര്യമാണു്. അതു പിന്നീടു് ആലോചിക്കാം.

ശ്രീ. പി. എസ്സു്. ശ്രീനിവാസൻ : അരിവില കുറഞ്ഞുവരുന്നുണ്ടു് എന്നു പറഞ്ഞു എങ്കിലും കാര്യമായി കുറഞ്ഞുവരുന്നില്ല. ബംഗാളിൽ ഇതുപോലെ ഒരു പ്രതിസന്ധിഘട്ടം അരിയെ സംബന്ധിച്ചിടത്തോളമുണ്ടായപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly